ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 10.06.2026**

## പ്രധാനവാർത്തകൾ

1) ഇന്ത്യയിൽ ഏറ്റവും കൂടുതൽ കാലം അധികാരത്തിലിരുന്ന, പ്രധാനമന്ത്രിയെന്ന ചരിത്ര നേട്ടം സ്വന്തമാക്കിയ നരേന്ദ്ര മോദിയെ അഭിനന്ദിച്ച് കേന്ദ്ര മന്ത്രിസഭ പ്രമേയം പാസാക്കി. പ്രധാനമന്ത്രിക്ക് ആശംസകൾ നേർന്ന് രാഷ്ട്രപതി ഉൾപ്പെടെ പ്രമുഖർ.

2) കെ എസ് ആർ ടി സി ഓർഡിനറി ബസുകളിൽ ഈ മാസം 15 മുതൽ സ്ത്രീകൾക്കും ട്രാൻസ്ജെൻഡർ വ്യക്തികൾക്കും സൗജന്യ യാത്ര അനുവദിച്ചതായി മുഖ്യമന്ത്രി വി ഡി സതീശൻ.

RNUTVPM

3) വയനാട്ടിൽ അഞ്ച് കുട്ടികൾക്ക് കൂടി ഷിഗെല്ല സ്ഥിരീകരിച്ചു. രോഗവ്യാപനം നിലവിൽ നിയന്ത്രണ വിധേയമാണെന്ന് ആരോഗ്യ മന്ത്രി കെ.മുരളീധരൻ.

4) വയനാട് കാട്ടിക്കുളത്ത് കാട്ടാന ആക്രമണത്തിൽ ഒരു മരണം. പ്രതിഷേധം ശക്തമാക്കി നാട്ടുകാർ. കാട്ടാന ആക്രമണം തടയാൻ സ്പെഷ്യൽ റിസർവ് ഫോഴ്സ് രൂപീകരിക്കുമെന്ന് മന്ത്രി ഷിബു ബേബി ജോൺ.

5) സംസ്ഥാനത്ത് ശക്തമായ മഴ തുടരും. 7 ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.

6) ഫിഫ ലോകകപ്പിന് നാളെ കിക്കോഫ്. ആഘോഷ ലഹരിയിൽ ഫുട്ബോൾ ആരാധകർ.

*******************

## കേന്ദ്ര മന്ത്രിസഭ (ഇൻട്രോ)

ഇന്ത്യയിൽ തിരഞ്ഞെടുപ്പിലൂടെ ഏറ്റവും കൂടുതൽ കാലം അധികാരത്തിലിരുന്ന, പ്രധാനമന്ത്രിയെന്ന ചരിത്ര നേട്ടം സ്വന്തമാക്കിയ പ്രധാനമന്ത്രി നരേന്ദ്ര മോദിയെ അഭിനന്ദിച്ച് കേന്ദ്ര മന്ത്രിസഭ പ്രമേയം പാസാക്കി. പാവപ്പെട്ടവരുടെയും, പാർശ്വവത്കൃത വിഭാഗങ്ങളുടെയും ഉന്നമനത്തിനായി അദ്ദേഹത്തിൻറെ നേതൃത്വത്തിൽ നടത്തിയ പ്രവർത്തനങ്ങളിൽ പ്രമേയം നന്ദി രേഖപ്പെടുത്തുന്നു. നിരവധി പ്രതിബന്ധങ്ങളെ അഭിമുഖീകരിച്ചാണ്, ശ്രീ മോദി ഈ ചരിത്രനേട്ടം കൈവരിച്ചതെന്ന് മന്ത്രിസഭാ യോഗത്തിലെ തീരുമാനങ്ങൾ മാധ്യമങ്ങളോട് വിശദീകരിച്ചുകൊണ്ട് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു.

(വോയ്സ്-അശ്വിനി വൈഷ്ണവ്)

പ്രധാനമന്ത്രി സ്ഥാനത്ത് തുടർച്ചയായി 4,399 ദിവസം പൂർത്തിയാക്കിയ ശ്രീ നരേന്ദ്രമോദി, ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ റെക്കോർഡാണ് ഇന്ന് മറികടന്നത്. ചരിത്ര നേട്ടത്തിൽ അദ്ദേഹത്തെ രാഷ്ട്രപതി, ഉപരാഷ്ട്രപതി, കേന്ദ്രമന്ത്രിമാർ എന്നിവർക്കു പുറമേ ലോകനേതാക്കളും അഭിനന്ദിച്ചു. എൻഡിഎ നേതാക്കൾ ഇന്ന് ന്യൂഡൽഹിയിൽ പ്രത്യേക യോഗം ചേർന്ന് ശ്രീ മോദിക്ക് ആശംസകൾ നേർന്നു.

RNU TVPM

*******************

## മുഖ്യമന്ത്രി -കേരളം

കെ എസ് ആർ ടി സി ഓർഡിനറി ബസുകളിൽ ഈ മാസം 15 മുതൽ സ്ത്രീകൾക്കും ട്രാൻസ്ജെൻഡർ വ്യക്തികൾക്കും സൗജന്യ യാത്ര അനുവദിച്ചതായി മുഖ്യമന്ത്രി

വി ഡി സതീശൻ. പ്രിയദർശിനി എന്ന പേരിലായിരിക്കും പദ്ധതി അറിയപ്പെടുകയെന്നും മന്ത്രിസഭായോഗ തീരുമാനങ്ങൾ മാധ്യമങ്ങളോട് വിശദീകരിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു. ഇതിലൂടെയുണ്ടാകുന്ന 800 കോടിയോളം രൂപയുടെ വാർഷിക വരുമാന നഷ്ടം കെ എസ് ആർ ടി സിക്ക് സർക്കാർ നൽകും. ശമ്പളത്തിനും, പെൻഷനുമായി നൽകുന്ന 1500 കോടി രൂപയ്ക്ക് പുറമേ ആയിരിക്കും ഈ തുക നൽകുന്നത്.

*******************

## ഷിഗെല്ലാ-വയനാട് (ഇൻട്രോ)

വയനാട് ജില്ലയിൽ അഞ്ച് കുട്ടികൾക്ക് കൂടി ഷിഗെല്ല സ്ഥിരീകരിച്ചു. അഞ്ച്, ഏഴ്, എട്ട്, ഒമ്പത്, 11 വയസ്സുള്ള പെൺകുട്ടികൾക്കാണ് രോഗബാധ . ഇതോടെ വയനാട്ടിൽ ഷിഗെല്ല ബാധിച്ചവരുടെ എണ്ണം ഏട്ടായി.

**വിശദാംശങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺവിൻസെൻറ്.........**

**(വോയിസ്)**

*******************

## മന്ത്രി കെ.മുരളീധരൻ -ഷിഗെല്ല

ഷിഗെല്ല വ്യാപനം നിലവിൽ നിയന്ത്രണ വിധേയമാണെന്ന് ആരോഗ്യ മന്ത്രി കെ.മുരളീധരൻ . സമ്പർക്കത്തിലൂടെ രോഗം പടരുന്നതായി സംശയമുണ്ടെന്നും, ഇത് സംബന്ധിച്ച റിപ്പോർട്ട് രണ്ട് ദിവസത്തിനകം ലഭിക്കുമെന്നും അദ്ദേഹം കോഴിക്കോട് പറഞ്ഞു. ഷിഗല്ല രോഗബാധ റിപ്പോർട്ട് ചെയ്ത കോഴിക്കോട് തലകുളത്തൂർ പഞ്ചായത്തിൽ ഉൾപ്പെടുന്ന 10 സ്കൂളുകളിൽ ഭക്ഷ്യ സുരക്ഷാ അധികൃതർ സന്ദർശനം നടത്തി. സ്കൂളുകളിൽ നിന്ന് കുടിവെള്ള സാമ്പിൾ ശേഖരിച്ച് പരിശോധനയ്ക്കായി അയച്ചു.

*******************

RNU TVPM

## നിപ

കോഴിക്കോട് സ്വദേശിയെ നിപ രോഗലക്ഷണങ്ങളോടെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. സ്രവ സാമ്പിളുകൾ പിസിആർ പരിശോധനയ്ക്ക് അയച്ചിരിക്കുകയാണ്. ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്ന് ആരോഗ്യമന്ത്രി കെ മുരളീധരൻ അറിയിച്ചു.

*******************

## വയനാട് കാട്ടാന

വയനാട് കാട്ടിക്കുളത്ത് കാട്ടാന ആക്രമണത്തിൽ ഒരു മരണം. പുളിമൂട്കുന്ന് മിച്ചഭൂമിയിലെ രാജുവാണ് മരിച്ചത്. രാവിലെ 10.15 ഓടെയാണ് ആനയുടെ ആക്രമണമുണ്ടായത്. വയനാട് മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് മാറ്റിയെങ്കിലും ജീവൻ രക്ഷിക്കാനായില്ല. രാജുവിന്റെ കുടുംബത്തിന് 50 ലക്ഷം രൂപ നഷ്ടപരിഹാരം, കുടുംബത്തിലൊരാൾക്ക് സർക്കാർ ജോലി തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് സിപിഐഎമ്മിനെ നേതൃത്വത്തിൽ നാട്ടുകാർ പ്രതിഷേധിച്ചു. കുടുംബത്തിന് 14 ലക്ഷം രൂപ നഷ്ടപരിഹാരം നൽകാനും, അടിയന്തര സഹായമായി 5 ലക്ഷം രൂപ അനുവദിക്കാനും എംഎൽഎ ഉഷാ വിജയനും വനം വകുപ്പ് ഉദ്യോഗസ്ഥരും നടത്തിയ ചർച്ചയിൽ തീരുമാനമായി.

RNUTVPM

*******************

## സ്പെഷ്യൽ റിസർവ് ഫോഴ്സ്

കാട്ടാന ആക്രമണം തടയുന്നതിനായി, 500 പേരടങ്ങുന്ന സ്പെഷ്യൽ റിസർവ് ഫോഴ്സ് അടിയന്തരമായി രൂപീകരിക്കാൻ മന്ത്രി ഷിബു ബേബി ജോൺ നിർദ്ദേശം നൽകി. കാട്ടാനകളുടെ സാന്നിദ്ധ്യം പതിവായി അനുഭവപ്പെടുന്ന ഹോട്ട്സ്പോട്ടുകളിൽ, അഞ്ചുപേർ വീതമുള്ള 100 ബാച്ചുകളായാണ് ഫോഴ്സ് രൂപീകരിക്കുന്നത്. മേഖലയെക്കുറിച്ച് അറിവുള്ള ഗോത്ര വിഭാഗക്കാർ, വനം വകുപ്പിൽ നിന്നും വിരമിച്ച

വിദഗ്ധർ, പരിചയസമ്പന്നരായ തദ്ദേശവാസികൾ, സാങ്കേതിക പരിജ്ഞാനമുള്ളവർ തുടങ്ങിയവർ സ്പെഷ്യൽ റിസർവ് ഫോഴ്സിൽ ഉൾപ്പെടും .

*******************

## വന്യജീവി ആക്രമണം- പ്രതിപക്ഷ നേതാവ്

വന്യജീവി ആക്രമണവുമായി ബന്ധപ്പെട്ട് കുറേക്കൂടി ഉത്തരവാദിത്ത പൂർണ്ണമായ സമീപനം സംസ്ഥാന സർക്കാരിൻറെ ഭാഗത്തുനിന്നുണ്ടാവണമെന്ന് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ . രണ്ടാഴ്ചക്കുള്ളിൽ ആറു പേരുടെ ജീവനാണ് സംസ്ഥാനത്ത് നഷ്ടപ്പെട്ടതെന്നും, ആക്രമണങ്ങളിൽ ജീവൻ പൊലിഞ്ഞവരുടെ കുടുംബങ്ങൾക്ക് അടിയന്തര സഹായം എത്തിക്കണമെന്നും അദ്ദേഹം പറഞ്ഞു .

*******************

## മെമ്മറി കാർഡ് കേസ്

നടി ആക്രമിക്കപ്പെട്ട കേസുമായി ബന്ധപ്പെട്ട മെമ്മറി കാർഡ് ചോർന്നതിൽ അന്വേഷണം ആവശ്യപ്പെട്ട്, അതിജീവിത സമർപ്പിച്ച ഹർജി പരിഗണിക്കുന്നതിൽ നിന്ന് ജസ്റ്റിസ് കൗസർ എടപ്പകത്ത് പിന്മാറി . ജസ്റ്റിസ് ജോബിൻ സെബാസ്റ്റ്യനും കേസ് പരിഗണിക്കുന്നതിൽ നിന്ന് കഴിഞ്ഞ ദിവസം പിൻമാറിയിരുന്നു. രണ്ടാമത്തെ ജഡ്ജിയും പിൻമാറിയതോടെ ഹരജി ഇനി മറ്റൊരു ബെഞ്ചായിരിക്കും പരിഗണിക്കുക.

*******************

## കൊട്ടിയൂർ വൈശാഖ മഹോത്സവം

കൊട്ടിയൂർ വൈശാഖ മഹോത്സവത്തിലെ നാല് ആരാധനകളിൽ മൂന്നാമത്തെതായ രേവതി ആരാധന ഇന്ന് . ഇളന്നീരാട്ടത്തിന് ശേഷമുള്ള പ്രധാന ആരാധനാ നാളിൽ ഉച്ചയ്ക്ക് ആരാധനാ സദ്യയും പൊന്നിൻ ശീവേലിയും നടന്നു.

RNU TVPM

സന്ധ്യക്ക് നടക്കുന്ന പൂജയ്ക്കൊപ്പം പാലമൃത് അഭിഷേകവും കളഭാഭിഷേകവും നടക്കും.

*******************

## <u>മഴ</u>

കേരളത്തിൽ വരും ദിവസങ്ങളിലും ശക്തമായ മഴയ്ക്ക് സാധ്യത. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ല കളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. ഇടുക്കി, എറണാകുളം, തൃശൂർ ജില്ലകളിൽ നാളെയും ഇടുക്കി എറണാകുളം, കോട്ടയം ജില്ലകളിൽ മറ്റന്നാളും ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. മോശം കാലാവസ്ഥ കണക്കിലെടുത്ത്, കേരളം - കർണാടക- ലക്ഷദീപ് തീരങ്ങളിൽ മറ്റന്നാൾ വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

*******************

## <u>ലോകകപ്പ് ഫുട്ബോൾ ഇൻട്രോ)</u>

ലോകമെമ്പാടും ജനകോടികൾ ആകാംഷയോടെ കാത്തിരിക്കുന്ന ഫിഫ ലോകകപ്പ് ഫുട്ബോളിന് നാളെ കൊടിയേറും. 48 ടീമുകൾ പങ്കെടുക്കുന്ന ടൂർണമെൻറിന് അമേരിക്കയും, മെക്സിക്കോയും, കാനഡയും സംയുക്തമായാണ് ആതിഥേയത്വം വഹിക്കുന്നത്.

**വിശദാംശങ്ങളുമായി ആകാശവാണി പ്രതിനിധി സുരേഷ് ബാബു.**

**(വോയിസ്)**

*******************

## <u>സപ്ലൈകോ സോക്കർ ഇലവൻ</u>

ഫിഫ ലോകകപ്പിനോടനുബന്ധിച്ച് ഉപഭോക്താക്കൾക്കും ഫുട്ബോൾ ആരാധകർക്കുമായി പ്രത്യേക ഓഫർ പ്രഖ്യാപിച്ച് സപ്ലൈകോ. വെളിച്ചെണ്ണ, തേയില, പായസം മിക്സ് തുടങ്ങി 11 ശബരി ഉൽപ്പന്നങ്ങൾക്ക്, ആകർഷകമായ വിലക്കിഴിവുകൾ ആയിരിക്കും 'സപ്ലൈകോ സോക്കർ

RNU TVPM

ഇലവനിലൂടെ' ജൂൺ 15 മുതൽ നൽകുക. സപ്ലൈകോ വില്പനശാലകളിലെ നിലവിൽ ലഭ്യമായ വിലക്കുറവിന് പുറമേയായിരിക്കുമിത്.

*******************

## തൂഫാൻ ഗോളുകൾ

ലോകകപ്പ് ഫുട്ബോളിൻറെ ആവേശത്തിനൊപ്പം വിദ്യാർഥികളിൽ ലഹരിവിരുദ്ധ ബോധവൽക്കരണം ശക്തിപ്പെടുത്താൻ വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന 'സ്കൂളുകളിൽ നിന്നും വൺ മില്യൺ തൂഫാൻ ഗോളുകൾ' പദ്ധതിക്ക് തുടക്കമായി. സംസ്ഥാനതല ഉദ്ഘാടനം ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല തിരുവനന്തപുരത്ത് നിർവഹിച്ചു. പതിനേഴായിരത്തിലധികം സ്കൂളുകൾ പദ്ധതിയിൽ പങ്കാളികളാകുന്നുണ്ട്.

*******************

**************

****

RNU TVPM